# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 96** **08.02.2013-ൽ മറുപടി നൽകേണ്ടത്**

## റവന്യൂ ഓഫീസുകളിലെ കാലതാമസം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ റ്റി.യു.കുരുവിള<br>ശ്രീ തോമസ് ഉണ്ണിയാടൻ<br>ശ്രീ മോൻസ് ജോസഫ്<br>ശ്രീ സി.എഫ്.തോമസ് | ശ്രീ അടൂർ പ്രകാശ്<br>ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി |
| (എ) റവന്യൂ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകളിന്മേലുള്ള നടപടികളിലെ കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ ഫലപ്രദമായി നടക്കുന്നുണ്ടോ യെന്ന് പരിശോധിക്കാൻ നിലവിലുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ; | (എ) റവന്യൂ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകളിൽ ചട്ടപ്രകാരം നടപടികൾ പൂർത്തിയാക്കുന്നതിനും അനാവശ്യമായ കാലതാമസം ഒഴിവാക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ ജില്ലകളിലെ എല്ലാ റവന്യൂ ഓഫീസുകൾക്കും നൽകിയിട്ടുള്ളതാണ്. ആയതിനു പുറമേ ജില്ലാ കളക്ടറേറ്റുകളിൽ സീനിയർ സൂപ്രണ്ടുമാരുടെ നേതൃത്വത്തിലും താലൂക്കാഫീസുകളിൽ ഡെപ്യൂട്ടി തഹസിൽദാർമാരുടെ നേതൃത്വത്തിലും പരിശോധനാ വിഭാഗങ്ങൾ നിലവിലുള്ളതും ടി വിഭാഗം സബ് ആഫീസുകളിൽ ആകസ്മിക പരിശോധന നടത്തി കാലതാമസം വന്നിട്ടുള്ള അപേക്ഷകളിൽ അടിയന്തിരനടപടികൾ സ്വീകരിക്കുന്നതിനും ന്യൂനതകൾ പരിഹരിക്കുന്നതിനും ബന്ധപ്പെട്ട ആഫീസ് മേധാവികൾക്ക് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നുണ്ട്. |
| (ബി) ഇത്തരം നടപടികളുടെ പുരോഗതി വിലയിരുത്തുവാനും ജില്ലാ കളക്ടറേറ്റുകളിലെയും താലൂക്ക് ഓഫീസുകളിലെയും തിരക്ക് ഒഴിവാക്കുന്നതിനും കളക്ടർമാർ താലൂക്ക് ഓഫീസുകളിലും തഹസീൽദാർമാർ വില്ലേജ് ഓഫീസുകളിലും പ്രതിമാസ സിറ്റിംഗ് എങ്കിലും നടത്തുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) പ്രസ്തുത നടപടികളുടെ പുരോഗതി വിലയിരുത്തുന്നതിനും അതാത് ആഫീസുകളിലെ ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധിച്ച് തുടർനടപടികൾ നിർദ്ദേശിക്കുന്നതോടൊപ്പം അപേക്ഷകൾ തീർപ്പുകൽപ്പിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി കളക്ടറേറ്റുകളിലും, താലൂക്ക് ആഫീസുകളിലും ബന്ധപ്പെട്ട യൂണിറ്റ് ആഫീസർമാരുടെ മീറ്റിംഗ് വിളിച്ച് ചേർത്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ